**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2490 08.05.2017 ലെ മറുപടി**

**കോഴിക്കോട് ബിലാത്തിക്കുളം നവീകരണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പ്രദീപ് കുമാർ:** | **മാത്യൂ ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോഴിക്കോട് നഗരത്തിലെ ബിലാത്തിക്കുളം നവീകരിക്കുന്നതിന് ജലസേചനവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ; | (എ) 13ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ബിലാത്തിക്കുളം നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തിക്ക് 3 തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായില്ല. പിന്നീട് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും കോൺട്രാക്ടർ എസ്റ്റിമേറ്റ് റേറ്റിന് 38% മുകളിൽ ക്വോട്ട് ചെയ്തു. ചീഫ് എഞ്ചിനീയറുടെ അംഗീകാര പരിധിയ്ക്കുള്ളിൽ വരുന്ന rate ന് അംഗീകാരം നല്കിയെങ്കിലും കോൺട്രാക്ടർ എഗ്രിമെന്റ് വെച്ചില്ല. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട പ്രവൃത്തിയായതിനാലും കാലാവധി കഴിഞ്ഞതിനാലും 2015 മാർച്ച് 31 നകം മേൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നില്ല. ആയതിനാൽ റീ ടെണ്ടർ ചെയ്തില്ല. |
| (സി) ഈ പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**